# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3093 07.11.2019-ൽ മറുപടി നൽകേണ്ടത്

## ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുപ്പത്തി എട്ട് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും ആരംഭിക്കുന്നതിന് അനുമതി ലഭ്യമായ സർക്കാർ ഉത്തരവ് (GO (Rt) No. 4198/17/G.Edu) ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; | (എ) | നിലനിൽക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | (ബി) | 19.10.19 ലെ സ.ഉ(സാധാ) നം.4310/2019/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പൊതു മരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രോജക്ട് നാളിതുവരെ നടപ്പിലാകാത്തതിന്റെ കാരണമെന്താണ്; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ ജി.എച്ച്.എസ്.എസ്., വിളവൂർക്കൽ ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളുടെ നിലവിലെ സ്ഥിതിയും തുടർനടപടികളും വിശദമാക്കാമോ? | (സി) | 2017-18 വർഷത്തെ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർവഹിക്കുന്നതിന് 06.11.2017-ലെ G.O(Rt)No.4198/ 2017/G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്ന് KITE പിൻമാറുകയും 19.10.19 ലെ സ.ഉ(സാധാ) നം.4310/2019/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പൊതു മരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പുതുക്കിയ ഉത്തരവ് പ്രകാരം കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളത്തുമ്മൽ ജി.എച്ച്.എസ്.എസ്., വിളവൂർക്കൽ ജി.എച്ച്.എസ്.എസ്. എന്നിവ ഉൾപ്പെടെയുള്ള സ്കൂളുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ.